**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1604 — 11.02.2013 ൽ മറുപടിക്ക്

<u>നഗരസഭകളിലെ തൊഴിലുറപ്പ് പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. സുധാകരൻ | | ശ്രീ. മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) | |
| എ) | നഗരസഭാ പ്രദേശങ്ങളിൽ തൊഴിലുറപ്പു പദ്ധതി നടപ്പിലാക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ? | എ) | ഉണ്ട്. 01/04/12 മുതൽ ഈ പദ്ധതിയുടെ നടത്തിപ്പു ചുമതല എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷനിൽ നിന്നും നഗരകാര്യ ഡയറക്ടർക്ക് കൈമാറി ഉത്തരവായിട്ടുണ്ട്. ആയതിന്റെയടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ? | ബി) | ഈ പദ്ധതിയുടെ നടത്തിപ്പു ചുമതല നഗരകാര്യ ഡയറക്ടർക്ക് കൈമാറിയതിന്റെയടിസ്ഥാനത്തിൽ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ വേണ്ടുന്ന മാറ്റങ്ങൾ വരുത്തുന്ന നടപടി സ്വീകരിച്ചു വരികയാണ്. കൂടാതെ 04/02/13-ൽ സംസ്ഥാന നഗര തൊഴിലുറപ്പ് കൗൺസിൽ നഗരകാര്യ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നുകൊണ്ട് വിവിധ നഗരസഭകളിൽ നിന്നും ലഭിച്ചിട്ടുള്ള ലേബർ ബഡ്ജറ്റ് പരിശോധന നടത്തി അംഗീകാരം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ